പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5496 24.05.2017-ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ നിർമ്മാണപ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. പി. ടി. തോമസ് | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോ നിർമ്മാണപ്രവർത്തനം വിലയിരുത്തിയ ചീഫ് മെട്രോ സുരക്ഷാ കമ്മീഷണറുടെ വിലയിരുത്തൽ എന്തായിരുന്നു ; | (എ) | പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട സുരക്ഷ ഉൾപ്പടെയുള്ള എല്ലാ കാര്യങ്ങളും തൃപ്തികരമായതിനാൽ മെട്രോയുടെ ആലുവ മുതൽ പാലാരിവട്ടം സ്റ്റേഷൻ വരെയുള്ള ഭാഗം പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുവാൻ അനുവാദം ലഭിച്ചിട്ടുണ്ട്. |
| (ബി) | സുരക്ഷാ കാര്യങ്ങളിൽ അദ്ദേഹം പൂർണ്ണതൃപ്തി അറിയിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | മെട്രോയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; എന്നത്തേക്ക് പണി പൂർത്തിയാക്കുവാനാണ് പദ്ധതി ഇട്ടിട്ടുള്ളത് എന്നറിയിക്കാമോ ? | (സി) | മെട്രോയുടെ ഒന്നാംഘട്ടത്തിലെ റീച്ച് ഒന്നിലെ പാലാരിവട്ടം മുതൽ മഹാരാജാസ് സ്റ്റേഷൻ വരെയുള്ള 5 കിലോമീറ്റർ ഭാഗം 2017 ഒക്ടോബറിലും മഹാരാജാസ് മുതൽ പേട്ട വരെയുള്ള ഭാഗം 2019 ജൂണിലും പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെയുള്ള ഘട്ടം - II സംസ്ഥാന സർക്കാരിന്റെ പുതുക്കിയ ഭരണാനുമതിയോടെ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ